# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5788** **02.07.2019 ലെ മറുപടി**

## പാരമ്പര്യ ജലസ്രോതസ്സുകളുടെ സംരക്ഷണം

| ചോദ്യം<br>ശ്രീ.സി.കെ. ഹരീന്ദ്രൻ : | | മറുപടി<br>കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | പാരമ്പര്യ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത് എന്ന് അറിയിക്കാമോ ; | (എ) | കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി നടപടി എടുക്കാറുണ്ട്. ഇത്തരം സ്രോതസ്സുകൾ കമ്പിവേലി കെട്ടി സംരക്ഷിച്ചും, മലിനീകരണത്തിനെതിരെയുള്ള പരസ്യ ബോർഡുകൾ സ്ഥാപിച്ചും സംരക്ഷിക്കുന്നതിനാൽ മനുഷ്യ ഇടപെടൽ മൂലമുണ്ടാകുന്ന നശീകരണമുണ്ടാകാതെ ഇത്തരം സ്രോതസ്സുകൾ നിലനിൽക്കുന്നുണ്ട്. കുടിവെള്ള സ്രോതസ്സുകളായി ഉപയോഗപ്പെടുത്താൻ കഴിയുന്ന പരമ്പരാഗത സ്രോതസ്സുകൾ നവീകരിച്ച് ഉപയോഗപ്പെടുത്തുവാൻ അതോറിറ്റി ശ്രമിക്കാറുണ്ട്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ ആനത്താഴ്ച്ചിറ, വണ്ടിച്ചിറ എന്നീ കുളങ്ങൾ അതോറിറ്റി ഇപ്പോൾ നവീകരിച്ച് കുടിവെള്ള സ്രോതസ്സായി ഉപയോഗപ്പെടുത്തുന്നു.<br><br>ജലസേചന വകുപ്പിൽ പാരമ്പര്യ ജലസ്രോതസ്സുൾ സംരക്ഷിക്കുന്നതിന് കുളങ്ങളുടെ യും ടാങ്കുകളുടെയും നവീകരണ ത്തിന് പ്രധാനമായി ഹരിത കേരളം പദ്ധതി നിലവിലുണ്ട്. കൂടാതെ പ്ലാൻ സ്കീമുകളായ എം.ഐ. ക്ലാസ്സ്1, എം.ഐ. ക്ലാസ്സ് 2, എം.ഐ. ക്ലാസ്സ്1 ഹരിത കേരളം, എം.ഐ. ക്ലാസ്സ് 2 ഹരിത കേരളം, എം.ഐ പ്രോജക്റ്റ് ഇൻ കാവേരി ബേസിൻ എന്നീ പദ്ധതികളിലും നോൺ പ്ലാൻ ശീർഷകങ്ങളായ എഫ്.സി, എഫ്.ഡി, പി.എം എന്നീ പദ്ധതികളിലും ഉൾപ്പെടുത്തി ജലസ്രോതസ്സുകളുടെ സംരക്ഷണം നടപ്പിലാക്കാറുണ്ട്. ഇതുകൂടാതെ ഫണ്ടുകളുടെ ലഭ്യത അനുസരിച്ച് തോടിന്റെ യും നദികളുടെ യും പുനരുദ്ധാരണ പ്രവൃത്തികളും അടിഞ്ഞുകൂടുന്ന എക്കൽ നീക്കം ചെയ്യുക, |

| | | |
|---|---|---|
| | | പാർശ്വഭിത്തിയുടെ സംരക്ഷണം, മാലിന്യനിർമ്മാർജനം എന്നിവ യും ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു.<br>ചിറ്റൂർപ്പുഴ പദ്ധതിയിലുൾപ്പെടുന്ന കമ്പാലത്തറ, കുന്നംപിടാരി, വെങ്കലക്കയം എന്നീ ഏരികളുടെ നവീകരണ-ത്തിനായി പദ്ധതിരേഖ തയ്യാറാക്കി വരുന്നു.<br>ഹരിതകേരളം മിഷന്റെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളുടേയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുൾപ്പെടെയുള്ള വിവിധ ഏജൻസികളുടെയും പങ്കാളിത്തത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പാരമ്പര്യ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ജലസ്രോതസ്സുകളുടെ ശാസ്ത്രീമായ പുനരുജ്ജീവനവും വൃഷ്ടി പ്രദേശ പരിപാലനവും ഉറപ്പുവരുത്തുന്നതിനായി എല്ലാ തദ്ദേശസ്വയഭരണ സ്ഥാപനങ്ങളിലും നീർത്തട പ്ലാനുകൾ തയ്യാറാക്കുന്നതിനായി സാങ്കേതിക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഈ സമിതികളുടെ നേതൃത്വത്തിൽ ഇതുവരെ 843 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നീർത്തട പ്ലാനുകൾ തയ്യാറായിട്ടുണ്ട്. ഈ പ്ലാനുകളിൽ ഉൾപ്പെട്ട പ്രവൃത്തികൾ വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ നിർവഹണവും ആരംഭിച്ചിട്ടുണ്ട്. ഹരിതകേരളം മിഷന്റെ ഭാഗമായി ഇതുവരെ 202 കിലോമീറ്റർ പുഴകളും 18138 കിലോ മീറ്റർ നീർച്ചാലുകളും പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. 15381 കുളങ്ങൾ നവീകരിച്ചു. 48936 കിണറുകളിൽ റീചാർജ്ജിംഗും 147239 ഏക്കർ വൃഷ്ടിപ്രദേശ പരിപാലനവും നിർവഹിച്ചിട്ടുണ്ട്.<br><br>പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന്റെ ഭാഗമായി സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ തുറന്ന കിണറുകളിലെ ജലവിതാനം മെച്ചപ്പെടുത്തുന്നതിനായി കൃത്രിമ ഭൂജല സംപോഷണ മാർഗ്ഗങ്ങൾ ഭൂജലവകുപ്പ് അവലംബിച്ചു വരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ ഭൂജലസംരക്ഷണവും കൃത്രിമഭൂജല സംപോഷണവും പദ്ധതിയിൻ കീഴിൽ മേൽക്കൂര വഴി മഴവെള്ള കൊയ്ത്തിലൂടെ തുറന്ന കിണർ/റീചാർജ്ജ് പിറ്റ് വഴിയുള്ള 76 ഭൂജലസംപോഷണ പദ്ധതികൾ വിവിധ ജില്ലകളിലും, 5 കുഴൽക്കിണർ റീചാർജ്ജ് കാസർഗോഡ് ജില്ലയിലും പൂർത്തീകരിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം ഭൂജലവകുപ്പിന് 450 ലക്ഷം രൂപ ഭൂജലസംപോഷണ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. വിവിധ ജില്ലകളുടെ 50 ഓളം പ്രൊപ്പോസലുകളിന്മേൽ അനുമതി നൽകിയിട്ടുണ്ട്. ബാക്കി |

| | | | |
|---|---|---|---|
| | | | പ്രൊപ്പോസലുകളിന്മേൽ സൂക്ഷ്മ പരിശോധന നടന്നു വരുന്നു.<br><br>ജലനിധി പദ്ധതികൾ നടപ്പിലാക്കുന്ന സ്ഥലങ്ങളിൽ പാരമ്പര്യ സ്രോതസ്സുകളെ ആശ്രയിച്ചാണ് ജലനിധി പദ്ധതികൾ ആവിഷ്കരിക്കുന്നത്. ഈ ജലസ്രോതസ്സുകളെ ഭൂജല പരിപോഷണം, തടയണകൾ, ചെക്ക് ഡാം, വി.സി.ബി. (vented cross bar), കുളം സംരക്ഷണം, മണ്ണ്സംരക്ഷണം മുതലായ പദ്ധതികൾ നടപ്പിലാക്കി സംരക്ഷിക്കുന്നു. കൂടാതെ സ്വകാര്യ, പൊതു കിണറുകൾ ഭൂജല പരിപോഷണം നടത്തി സംരക്ഷിക്കാനുള്ള പദ്ധതികളും ഏറ്റെടുക്കുന്നുണ്ട്. |
| (ബി) | ഒരു മണ്ഡലത്തിൽ ഒരു കുളം നവീകരിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പാറശ്ശാല നിയോജകമണ്ഡലത്തിൽ ഏത് കുളമാണ് നവീകരിച്ചത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) | ഒരു മണ്ഡലത്തിൽ ഒരു കുളം എന്ന പദ്ധതി നിലവിലില്ല. എന്നാൽ ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ പാറശ്ശാല മണ്ഡലത്തിൽ താഴെ പറയുന്ന കുളങ്ങൾ നവീകരിച്ചിട്ടുണ്ട്<br><br>(1) ആര്യൻകോട് പഞ്ചായത്തിലെ കീഴാറൂർ വാർഡിലെ മുക്കലംപോട് ചെരുതംപോട് പൊതുകുളം - (2012-13) - 5 ലക്ഷം<br>(2) കൊല്ലയിൽ പഞ്ചായത്തിലെ തോട്ടിയമൂലക്കുളം - 2013-14 - 5 ലക്ഷം<br>(3) ഒറ്റശേഖരമംഗലം പഞ്ചായത്തിലെ ചടയമ്പ്രക്കോണം 2013-14 - 5 ലക്ഷം<br>(4) കുന്നത്തുകാൽ പഞ്ചായത്തിലെ കാരക്കോണം വാർഡിലെ ഇരട്ടക്കുളം - 2013-14 - 5 ലക്ഷം<br>(5) വെള്ളറട പഞ്ചായത്തിലെ വെൺമരുത്തുകുളം - 2013-14 - 5 ലക്ഷം<br>(6) അമ്പൂരി പഞ്ചായത്തിലെ പൊതുകുളം - 5 ലക്ഷം - 2013-14 ൽ ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചുവെങ്കിലും പതിമൂന്നാം ധനകാര്യകമ്മീഷൻ അവാർഡ് പ്രവൃത്തികളിൽ ഉൾപ്പെടുത്തി നവീകരിച്ചു.<br><br>(7)പാറശ്ശാല പഞ്ചായത്തിലെ ആര്യശേരി ചിറകുളം - 2013-14 - 5.5 ലക്ഷം |

| | | | |
|---|---|---|---|
| (സി) | കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ കാരക്കോണം ജംഗ്ഷനിൽ സ്ഥിതിചെയ്യുന്ന രണ്ടേക്കറോളം വിസ്തൃതിയുള്ള ഇരട്ടക്കുളം നാശത്തിന്റെ വക്കിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത കുളം നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (സി) | കുന്നത്തുകാൽ ഗ്രാമ പഞ്ചായത്തിലെ കാരക്കോണം ജംഗ്ഷനിൽ സ്ഥിതിചെയ്യുന്ന ഇരട്ടക്കുളം, ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി 2014 ൽ നവീകരിച്ചിരുന്നു. ഇപ്പോൾ പ്രസ്തുത കുളം കാടു പിടിച്ച് കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2019-20 വർഷത്തെ പ്രവൃത്തികളുടെ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തി പ്രസ്തുത കുളം വൃത്തിയാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ